(സി) ചില ഓഫീസുകളിൽ ജീവനക്കാരുടെ അപര്യാപ്തത കാരണം സർക്കാർ ജോലിക്ക് തടസ്സം ഉണ്ടാകുന്നു എന്ന് മനസ്സിലാക്കുമ്പോൾ ടി ഓഫീസിന്റെ സുഗമമായ നടത്തിപ്പിനായിട്ടാണ് വർക്കിംഗ് അറേഞ്ചുമെന്റിൽ ആളെ നിയമിക്കുന്നത്.

(ഡി) സ്ഥലംമാറ്റപ്പെടുന്ന ഓഫീസിലെ ജോലിയെ പ്രതികൂലമായി ബാധിക്കില്ല എന്ന് ഉത്തമബോദ്ധ്യം വന്ന ശേഷമേ ഇത്തരം സ്ഥലംമാറ്റങ്ങൾ നടത്താറുള്ളൂ.

(ഇ) വർക്കിംഗ് അറേഞ്ച്മെന്റ് ജീവനക്കാരെ സ്ഥലം മാറ്റുന്നത് പൊതു സ്ഥലംമാറ്റ ഉത്തരവിന് വിരുദ്ധമായിട്ടല്ല.

46 (3371) സ്വകാര്യ തോട്ടക്കാർക്ക് ഗവൺമെന്റ് ഫണ്ട്

ശ്രീ. എ.കെ. മണി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ തോട്ടക്കാർക്ക് ഗവൺമെന്റിൽനിന്നും എന്തെല്ലാം കാര്യങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്;

(ബി) ഈ സർക്കാർ എന്ത് തുക സ്വകാര്യ തോട്ടമുടമകൾക്ക് നൽകിയിട്ടുണ്ട്;

(സി) പ്രസ്തുത തുക ഗ്രാന്റായാണോ ലോണായാണോ നൽകിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)-(സി) സ്വകാര്യ തോട്ടക്കാർക്ക് ഒരു കാര്യത്തിനും വനം വകുപ്പിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടില്ല.

47 (3372) തിരുനെല്ലി പഞ്ചായത്തിൽ കാട്ടാനശല്യം

ശ്രീമതി രാധാ രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുനെല്ലി പഞ്ചായത്തിൽ 1999 ഏപ്രിൽ 1 മുതൽ നാളിതുവരെ കാട്ടാനകൾ എത്ര വീട് നശിപ്പിച്ചിട്ടുണ്ട്;

(ബി) ഇപ്രകാരം വീട് നശിപ്പിക്കപ്പെട്ടവർക്ക് പകരം വീട് പണിതു നല്കുന്നുണ്ടോ; ഇവർക്ക് എന്തു തുക നഷ്ടപരിഹാരമായി നൽകുന്നുണ്ട്;

(സി) ഇനിയും എത്ര പേർക്ക് നഷ്ടപരിഹാരം നൽകുവാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാട്ടാനകൾ ഭാഗികമായി 14 വീടുകൾ നശിപ്പിച്ചിട്ടുണ്ട്.

(ബി) വീട് നഷ്ടപ്പെട്ടവർക്ക് 'ദി കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽ-1980'-ാം ചട്ടപ്രകാരം നഷ്ടപരിഹാരം കൊടുക്കുവാൻ വ്യവസ്ഥ ഉണ്ട്. നഷ്ടപരിഹാരമായി 35,375 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

823/2010.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇനി ഒരാൾക്ക് നഷ്ടപരിഹാരം നൽകുവാനുണ്ട്.

48 (3373) കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാൻ നടപടി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ മൂലം എന്തെല്ലാം ഗുണങ്ങൾ ഉണ്ടായി എന്നു വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ കഴിഞ്ഞ സാമ്പത്തികവർഷം എത്ര ലാഭമുണ്ടായി എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. പുതുതായി എത്ര ബസ്സുകൾ വാങ്ങിയെന്നും ഇപ്പോൾ വാങ്ങാനായി ഓർഡർ നൽകിയ ബസുകൾ എത്രയെന്നും വ്യക്തമാക്കുമോ;

(ഇ) ബസ്സുകൾ ഏതെല്ലാം കമ്പനിയുടേതാണെന്നു വിശദമാക്കാമോ; ബസ്സ് വാങ്ങിയ വകുപ്പിൽ കെ.എസ്.ആർ.ടി.സി.ക്ക് എത്രരൂപ ചെലവായി എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശസാൽകൃത മേഖലകളിലെയും യാത്രക്കാരുടെ തിരക്ക് കൂടുതൽ അനുഭവപ്പെടുന്നതും വരുമാനം കൂടുതൽ ലഭിക്കുന്നതുമായ റൂട്ടുകൾക്ക് മുൻഗണന നൽകി പരമാവധി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാൻ നടപടികൾ എടുത്തിട്ടുണ്ട്. വരുമാനചോർച്ച തടയുന്നതിനും കൃത്യത പാലിക്കുന്നത് ഉറപ്പുവരുത്താനും പ്രത്യേക ശ്രദ്ധ പതിപ്പിക്കാൻ ലൈൻ ഇൻസ്പെക്ഷൻ വിഭാഗത്തിനു കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ദീർഘദൂര സർവീസുകൾ കൃത്യനിഷ്ഠയോടും കാര്യക്ഷമമായും ഓപ്പറേറ്റ് ചെയ്യുന്നതിനായി പുതിയ ബസ്സുകൾ കൂടുതലായി ഇത്തരം സർവ്വീസുകൾക്കായി വിനിയോഗിച്ചു തുടങ്ങി. നാഷണൽ ഹൈവേ, എം.സി. റോഡ് എന്നിവയിലൂടെ ദീർഘദൂര സർവ്വീസുകൾ കൂടുതലായി ഏർപ്പെടുത്തുന്നതാണ്. കണ്ണൂർ-കാസർഗോഡ്, കോട്ടയം-കുമിളി, പാലക്കാട്-തൃശൂർ, കായംകുളം-പുനലൂർ-കുളത്തുപ്പുഴ എന്നീ ദേശവൽകൃതമേഖലകളിൽ ഘട്ടംഘട്ടമായി സ്വകാര്യ സർവ്വീസുകളെ പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് സർവ്വീസുകൾ നടത്തുന്നതാണ്. മോട്ടോർ വാഹന നിയമത്തിനനുസൃതമായി സൂപ്പർ ഡീലക്സ്, ഡീലക്സ് തുടങ്ങിയ ഉയർന്നതരം സർവ്വീസുകൾക്ക് രണ്ടു വർഷത്തിലധികം പഴക്കമില്ലാത്ത വാഹനങ്ങൾ മാത്രമേ ഉപയോഗിക്കുകയുള്ളൂ. അതുപോലെ സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ് എന്നീ സർവ്വീസുകൾക്ക് മൂന്നുകൊല്ലത്തിനപ്പുറം പഴക്കമുള്ളതും ഫാസ്റ്റ് പാസ്സഞ്ചർ സർവ്വീസുകൾക്ക് 5 കൊല്ലത്തിലധികം പഴക്കമുള്ളതുമായ വാഹനങ്ങൾ ഉപയോഗിക്കുന്നതല്ല. നിലവിലുള്ള സർവ്വീസുകൾ കാര്യക്ഷമമായി ഓപ്പറേറ്റ് ചെയ്യുന്നതിനായി നിയന്ത്രണമായ രീതിയിൽ മാത്രമേ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നുള്ളൂ. കൂടുതൽ വരുമാനം

LIBRARY ARCHIVES Kerala Legislative Assembly